(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള തടാകങ്ങൾ

*5 [185] ശ്രീ. പി. ടി. തോമസ്:
„ എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ലൂഡി ലൂയിസ്:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് എത്ര തടാകങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ തടാകങ്ങളെ സംരക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത തടാകങ്ങൾ കയ്യേറ്റത്തിന് വിധേയമായിട്ടുണ്ടോ;

(ഡി) ഈ തടാകങ്ങളിൽനിന്ന് എവിടേക്കെല്ലാമാണ് ശുദ്ധജലവിതരണം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് തടാകങ്ങളൊന്നും തന്നെ നിർമ്മിച്ചിട്ടില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് മുൻകരുതലുകൾ

*6 [186] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് വൈദ്യുതി ഉൽപ്പാദന വിതരണ മേഖലകളിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദന വിതരണ രംഗത്ത് മുന്നോട്ട് പോകുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഗണിച്ച് ജല വൈദ്യുതിയുടെ ഉൽപ്പാദനം മുൻകരുതലോടെ നിയന്ത്രിച്ച് വരികയാണ്. 2004-ലെ കാലവർഷവും താമസിച്ചു വന്നാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി 31-5-2004-ൽ 400 മില്ല്യൻ യൂണിറ്റ് ഉൽപ്പാദനത്തിനുവേണ്ടത്ര ജലം കരുതലായി നിലനിർത്തുന്ന വിധവും 31-5-2004 വരെ പ്രതിദിനം ശരാശരി 11 മില്ല്യൻ യൂണിറ്റ് ഉൽപ്പാദിപ്പിക്കത്തക്കവിധവും, ആണ് ഉൽപ്പാദനം ക്രമീകരിക്കുന്നത്. വൈദ്യുതിയുടെ വില കുറവായ അവസരങ്ങളിൽ കൂടുതൽ വൈദ്യുതി സെൻട്രൽ പൂളിൽനിന്നു ലഭ്യമാക്കിയും വിലകൂടുന്ന സമയത്ത് ഇപ്രകാരമുള്ള ഇറക്കുമതി കുറച്ച് ജലവൈദ്യുതി ഉൽപ്പാദനം കൂട്ടി ആവശ്യം നിറവേറ്റാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പവർട്രേഡിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ന്യായമായ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ശ്രമങ്ങളും തുടർന്നു വരുന്നുണ്ട്. പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുവാനും തദ്വാരാ വിൽപ്പനയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കാനും വേണ്ട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. തുടങ്ങിവെച്ച ജലവൈദ്യുത പദ്ധതികൾ താമസംവിനാ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട്), കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 മെഗാവാട്ട്), ശബരിഗിരി റിനോവേഷൻ, നേര്യമംഗലം റിനോവേഷൻ എന്നീ പദ്ധതികളുടെ പണികളും ആരംഭിച്ചിട്ടുണ്ട്. 60 MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആതിരപ്പള്ളി, മാങ്കുളം, തോട്ടിയാർ എന്നീ പദ്ധതികൾക്കുള്ള കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികളും ധൃതഗതിയിൽ പുരോഗമിക്കുകയാണ്. കുടംകുളം, താൽച്ചർ, നെയ്വേലി എന്നീ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദ്രവീകൃത പ്രകൃതി വാതകം ഉപയോഗിച്ച് കായംകുളം താപനിലയത്തിൽനിന്ന് ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി എൻ. ടി. പി. സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ നിലയത്തിൽനിന്ന് മൊത്തം 820 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള മുൻകരുതലും എടുത്തിട്ടുണ്ട്. പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മധുര-തിരുവനന്തപുരം 400 കെ. വി. ലൈനിന്റെ പണി പൂർത്തീകരിച്ചുവരുന്നു. മൈസൂർ-കോഴിക്കോട് 400 കെ. വി. ലൈനിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

തീരക്കടലിലെ സീവീഡ്

*7 [187] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ജോർജ് ജെ. മാത്യു:
„ ടി. എൻ. പ്രതാപൻ:
„ സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീവീഡ് കൃഷി ചെയ്യുന്നുണ്ടോ;

(ബി) വ്യാവസായികമായും ഭക്ഷ്യ വസ്തു എന്ന നിലയിലും ഉപയോഗിക്കാവുന്ന സീവീഡ് സംസ്ഥാന തീരക്കടലിൽ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly